REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 04-11-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ഇന്ന് തിരുവനന്തപുരത്തെ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി സന്ദർശിക്കും.
- കേരളമടക്കം ഒമ്പത് സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലും തീവ്ര വോട്ടർപട്ടിക പരിഷ്കരണ വിവരശേഖരണത്തിന് ഇന്ന് തുടക്കം.
- തദ്ദേശ സ്ഥാപന തെരഞ്ഞെടുപ്പിൽ രാഷ്ട്രീയപാർട്ടികൾക്ക് ചിഹ്നം അനുവദിച്ച് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു.
- വിഷൻ 2031 ന്റെ ഭാഗമായി സമഗ്ര പുരോഗതിയാണ് സംസ്ഥാന ഗവൺമെന്റ് ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- വ്യാവസായിക പരിശീലന കേന്ദ്രങ്ങളുടെ ആധുനികവത്കരണം സംസ്ഥാന ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യമാണെന്ന് മന്ത്രി V ശിവൻകുട്ടി.
- ICC വനിതാ ക്രിക്കറ്റ് ലോക കപ്പ് നേടിയ ഇന്ത്യൻ വനിതാ ടീമിന് BCCI, 51 കോടി രൂപ പാരിതോഷികം പ്രഖ്യാപിച്ചു.

## വാർത്തകൾ വിശദമായി

ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ഇന്ന് തിരുവനന്തപുരത്തെ ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി സന്ദർശിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി

........വോയ്സ്.......

ഇന്നലെ കൊല്ലത്തെ സന്ദർശന പരിപാടികൾ പൂർത്തിയാക്കി തിരുവനന്തപുരത്ത് തിരിച്ചെത്തിയ ഉപരാഷ്ട്രപതി ഇന്ന് തിരുവനന്തപുരത്തെ ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി സന്ദർശിക്കും. ഉപരാഷ്ട്രപതിയായതിനു ശേഷമുള്ള അദ്ദേഹത്തിന്റെ തിരുവനന്തപുരത്തെ ആദ്യ ഔദ്യോഗിക പരിപാടിയാണിത്. സാമൂഹ്യ പ്രസക്തിയുള്ള ആരോഗ്യ ഗവേഷണങ്ങൾ, വ്യാവസായിക പ്രാധാന്യമുള്ള സാങ്കേതികവിദ്യാ വികസനം തുടങ്ങിയ മേഖലകളിൽ ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്നു വരുന്ന പ്രവർത്തനങ്ങളെ കുറിച്ച് അധികൃതർ ഉപരാഷ്ട്രപതിയെ ധരിപ്പിക്കും. സംസ്ഥാനത്തെ സന്ദർശനം പൂർത്തിയാക്കി ഇന്ന് ഉച്ചയ്ക്ക് ഉപരാഷ്ട്രതി തിരുവനന്തപുരത്തു നിന്നു മടങ്ങും

✪✪✪

കേരളമടക്കം ഒമ്പത് സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലും തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ ഭാഗമായ വിവരശേഖണത്തിന് ഇന്ന് തുടക്കമാകും. BLO-മാർ വീടുകൾ കയറി 51 കോടി വോട്ടർമാരുടെ വിവരങ്ങളാണ് ഈ ഘട്ടത്തിൽ ശേഖരിക്കുക. ഡിസംബർ നാല് വരെയാണ് വിവര ശേഖരണം. തുടർന്ന് ഡിസംബർ ഒൻപതിന് കരട് വോട്ടർ പട്ടിക പുറത്തിറക്കും. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അടുത്ത വർഷം ഫെബ്രുവരി ഏഴിന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുന്നതോടെ രണ്ടാം ഘട്ട തീവ്ര വോട്ടർ പട്ടിക പരിഷ്കരണം അവസാനിക്കും.

രണ്ടാം ഘട്ടത്തിൽ കേരളത്തിനു പുറമെ തമിഴ്നാട്, രാജസ്ഥാൻ, ഉത്തർപ്രദേശ്, പശ്ചിമബംഗാൾ, ഛത്തീസ്ഗഡ്, ഗോവ, ഗുജറാത്ത്, മധ്യപ്രദേശ്, ലക്ഷദ്വീപ്, ആൻഡമാൻ നിക്കോബാർ, പുതുച്ചേരി എന്നിവിടങ്ങളിലാണ് വോട്ടർ പട്ടിക പരിഷ്കരിക്കുന്നത്. ഇതിൽ കേരളം, തമിഴ്നാട്, പശ്ചിമബംഗാൾ, പുതുച്ചേരി എന്നിവിടങ്ങളിൽ അടുത്ത വർഷമാണ് നിയമസഭാ തിരഞ്ഞെടുപ്പ്.

✪✪✪

പ്രത്യേക തീവ്ര വോട്ടർപട്ടിക പരിഷ്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ ഇന്നു മുതൽ എന്യുമെറേഷൻ ഫോമുകൾ വിതരണം ചെയ്യുമെന്ന് ജില്ല കളക്ടർ സ്നേഹിൽ കുമാർ സിംഗ് അറിയിച്ചു. ജോലിക്കോ പഠനത്തിനോ വിദേശത്തോ അന്യസംസ്ഥാനത്തോ പോയവർ, BLO മാരുടെ സന്ദർശന സമയത്ത് വീട്ടിലില്ല എന്ന കാരണത്താൽ വോട്ടർ പട്ടികയിൽ നിന്ന് പേര് നീക്കം ചെയ്യപ്പെടില്ലെന്നും കലക്ടർ പറഞ്ഞു. ഇവർക്ക് ഇതിന് ഓൺലൈനായി ഫോം സർപ്പിക്കാൻ സംവിധാനം ഒരുക്കിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ നിലവിൽ 2,303 പോളിംഗ് സ്റ്റേഷനുകളുണ്ട്.

✪✪✪

തദ്ദേശ സ്ഥാപന തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് രാഷ്ട്രീയപാർട്ടികൾക്ക് ചിഹ്നം അനുവദിച്ച് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. തെരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റിൽ ഇത് പരിശോധിക്കാം. രാഷ്ട്രീയപാർട്ടികൾക്ക് നാല് പട്ടികകളിലായാണ് ചിഹ്നം അനുവദിച്ചത്. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ അംഗീകാരം നേടിയ ആറ് ദേശീയപാർട്ടികളെ ഒന്നാം പട്ടികയിലും ആറ് സംസ്ഥാന പാർട്ടികളെ രണ്ടാം പട്ടികയിലും ഉൾപ്പെടുത്തിയാണ് ചിഹ്നം അനുവദിച്ചത്. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ച ചിഹ്നങ്ങളാണ് ഈ പാർട്ടികൾക്ക് നൽകിയത്.

മൂന്നാം പട്ടികയിൽ മറ്റ് സംസ്ഥാനങ്ങളിലെ അംഗീകൃത പാർട്ടികൾക്കും കേരള നിയമസഭയിലോ സംസ്ഥാനത്തെ ഏതെങ്കിലും തദ്ദേശ ഭരണസ്ഥാപനത്തിൽ അംഗങ്ങളായതോ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ രജിസ്റ്റർ ചെയ്തതോ ആയ 28 രാഷ്ട്രീപാർട്ടികൾക്കും ചിഹ്നം അനുവദിച്ചിട്ടുണ്ട്. പട്ടിക നാലിലെ 74 സ്വതന്ത്ര ചിഹ്നങ്ങളിൽ 1,2,3, പട്ടികകളിൽ ഉൾപ്പെടാത്തതും കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനിൽ രജിസ്റ്റർ ചെയ്ത പാർട്ടികൾക്ക് സ്വതന്ത്ര ചിഹ്നങ്ങളും അനുവദിച്ചു. സ്വതന്ത്ര സ്ഥാനാർത്ഥികൾക്ക് പട്ടിക നാലിൽനിന്ന് ഒരു ചിഹ്നവും നൽകും.

✪✪✪

തദ്ദേശ പൊതു തെരഞ്ഞെടുപ്പിന് സംസ്ഥാനത്തെ 152 ബ്ലോക്ക് പഞ്ചായത്തുകളിലെ പ്രസിഡന്റ് സ്ഥാനങ്ങളിൽ 67 എണ്ണം സ്ത്രീകൾക്കായി സംവരണം ചെയ്ത് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറത്തിറക്കി. ഏഴെണ്ണം പട്ടിക ജാതിക്കാർക്കും എട്ടെണ്ണം പട്ടിക ജാതി സ്ത്രീകൾക്കും ഒന്ന് പട്ടിക വർഗ്ഗത്തിനും രണ്ടെണ്ണം പട്ടിക വർഗ്ഗ സ്ത്രീകൾക്കും സംവരണം ചെയ്തതായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ A ഷാജഹാൻ അറിയിച്ചു.

✪✪✪

ഖത്തറിലെ ദോഹയിൽ ഇന്നാരംഭിക്കുന്ന സാമൂഹിക വികസന രണ്ടാം ഉച്ചകോടിയിൽ ഇന്ത്യൻ പ്രതിനിധി സംഘത്തെ കേന്ദ്ര തൊഴിൽ മന്ത്രി മൻസുഖ് മാണ്ഡവ്യ നയിക്കും. ഉച്ചകോടിയിൽ, സാമൂഹ്യനീതിക്കായി ആഗോള കൂട്ടായ്മയെക്കുറിച്ച് ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ മന്ത്രിതല സംഭാഷണത്തിൽ, സമഗ്രവും തുല്യവുമായ വളർച്ചയെക്കുറിച്ച് ഇന്ത്യയുടെ കാഴ്ചപ്പാട് ഡോ. മാണ്ഡവ്യ അവതരിപ്പിക്കും.

ഖത്തർ, റൊമാനിയ, മൗറീഷ്യസ്, യൂറോപ്യൻ യൂണിയൻ എന്നിവിടങ്ങളിലെ മന്ത്രിമാരുമായും ഐഎൽഒ ഡയറക്ടർ ജനറലുമായും മുതിർന്ന യുഎൻ ഉദ്യോഗസ്ഥരുമായും മന്ത്രി ഉഭയകക്ഷി ചർച്ചകൾ നടത്തും.

✪✪✪

വിഷൻ 2031 ന്റെ ഭാഗമായി സമഗ്ര പുരോഗതിയാണ് സംസ്ഥാന ഗവൺമെന്റ് ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ആഭ്യന്തരവകുപ്പ് കണ്ണൂരിൽ സംഘടിപ്പിച്ച സംസ്ഥാനതല സെമിനാറിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ഇന്ത്യയിലെ തന്നെ ഏറ്റവും ഉയർന്ന നിലവാരമാണ് കേരളത്തിലെ പോലീസ് സേന പുലർത്തുന്നതെന്നും ഇതിന്റെ അടിസ്ഥാനത്തിലാണ് ദേശീയതലത്തിൽ പോലീസ് സേനയ്ക്ക് സേനക്ക് പുരസ്കാരങ്ങൾ ലഭിച്ചതെന്നും മുഖ്യമന്ത്രി വിലിയിരുത്തി.

✪✪✪

28,300 കുടുംബങ്ങൾക്ക് മുൻഗണനാ റേഷൻ കാർഡുകൾ അനുവദിക്കുന്നതിന്റെ സംസ്ഥാനതല വിതരണോദ്ഘാടനം മന്ത്രി GR അനിൽ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും. വൈകിട്ട് പ്രസ്സ് ക്ലബ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ ആന്റണി രാജു MLA അധ്യക്ഷനാകും.

✪✪✪

അഞ്ച് വർഷം കൊണ്ട് റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിലൂടെ പശ്ചാത്തല വികസന മേഖലയിൽ LDF ഗവൺമെന്റ് വലിയ മുന്നേറ്റമാണ് ഉണ്ടാക്കിയതെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. കാസർകോട് ഉദുമ മുനമ്പം പാലത്തിന്റെ നിർമ്മാണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കാസർഗോഡ് മുണ്ടേമ്മാട് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയും മന്ത്രി ഉദ്ഘാടനം ചെയ്തു.

✪✪✪

കോഴിക്കോട് കോർപ്പറേഷൻ ന്യൂ സെൻട്രൽ മാർക്കറ്റിന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ രാവിലെ തറക്കല്ലിടും. ചടങ്ങിൽ മന്ത്രിമാരായ സജി ചെറിയാൻ, PA മുഹമ്മദ് റിയാസ്, എ.കെ.ശശിന്ദ്രൻ, MK രാഘവൻ എം പി, എന്നിവർ പങ്കെടുക്കും.

നിലവിലെ സെൻട്രൽ മാർക്കറ്റിന്റെ പരിമിതികൾ പരിഹരിച്ച്, PMSSY പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കോഴിക്കോട് സെൻട്രൽ മാർക്കറ്റിന്റെ

നിർമ്മാണം.    55 കോടി 17 ലക്ഷം കോടി രൂപ മുതൽ മുടക്കി കേരള തീരദേശ പരിപാലന കോർപ്പറേഷനാണ് നിർമ്മാണ ചുമതല .

✪✪✪

നരേന്ദ്ര മോദി ഗവൺമെന്റ് സെപ്തംബർ 22നു പ്രഖ്യാപിച്ച വരുംതലമുറ GST പരിഷ്കരണം സമൂഹത്തിലെല്ലാവർക്കും ഗുണകരമായി മാറിക്കഴിഞ്ഞു. വിവിധ മേഖലകളിൽ GST നിരക്കുകൾ കുറച്ചത് രാജ്യത്തുനീടനീളം പൗരന്മാർക്ക് ആശ്വാസകരമായിരിക്കുകയാണ്. ആരോഗ്യമേഖലയിൽ വരുത്തിയ GST ഇളവിനെക്കുറിച്ച് ആകാശവാണി തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ട്....

(വോയ്സ്...........)

വരുംതലമുറ GST പരിഷ്കരണത്തിന്റെ ഭാഗമായി ആരോഗ്യമേഖലയിൽ ഗവൺമെന്റ് ഗണ്യമായ നികുതി ഇളവുകൾ വരുത്തിയത്. നേരത്തെ 12 ശതമാനം ഈടാക്കിയിരുന്ന അവശ്യമരുന്നുകളുടെ നികുതി അഞ്ചു ശതമാനമായി കുറച്ചു. 33 ജീവൻരക്ഷാ മരുന്നുകൾ നികുതിയിൽ നിന്ന് പൂർണമായും ഒഴിവാക്കി. വിട്ടുമാറാത്തതും കഠിനവുമായ രോഗങ്ങൾക്ക് ചികിത്സാചെലവ് എല്ലാവർക്കും താങ്ങാവുന്ന തരത്തിലായി. ഗോസ്, ബാന്റേജ്, ഡയഗ്നോസ്റ്റിക് കിറ്റുകൾ, തെർമോമീറ്ററുകൾ തുടങ്ങിയവക്ക് 12 ശതമാനത്തിൽ നിന്ന് നികുതി അഞ്ച് ശതമാനമാക്കി കുറച്ചു. ഇത് രോഗനിർണയ, ചികിത്സാ സേവനങ്ങൾ വിലകുറഞ്ഞതാക്കി. 18 ശതമാനമുണ്ടായിരുന്ന ആരോഗ്യ, ലൈഫ് ഇൻഷുറൻസ് പ്രീമിയങ്ങളുടെ നികുതി പൂർണമായും നികുതി രഹിതമാക്കി.

✪✪✪

വ്യാവസായിക പരിശീലന കേന്ദ്രങ്ങളെ ആധുനികവത്കരിക്കുക എന്നത് സംസ്ഥാന ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യമാണെന്ന്  മന്ത്രി V ശിവൻകുട്ടി പറഞ്ഞു. വടകര താലൂക്കിലെ വളയം ഗവ. ITI കെട്ടിടം  ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.  10 കോടി രൂപ ചെലവിട്ടാണ് ITI ക്ക് പുതിയ ബഹുനില കെട്ടിടം ഒരുക്കിയത്.

സംസ്ഥാനത്തെ നിരവധി ITI -കളെ ആധുനിക രീതിയിലേക്ക് മാറ്റാൻ ഗവൺമെന്റിന് സാധിച്ചെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

കായികതാരങ്ങളായ 50 വിദ്യാർഥികൾക്ക് വീട് നിർമിച്ചു നൽകുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. സംസ്ഥാന സ്കൂൾ കായിക മേളയിൽ മികച്ച പ്രകടനം കാഴ്ച വെച്ച ദേവനന്ദക്ക് പേരാമ്പ്രയിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നിർമിച്ചു

നൽകുന്ന വീടിന് തറക്കല്ലിടുകയായിരുന്നു മന്ത്രി. അടുത്തവർഷം മുതൽ ഓരോ വിദ്യാർത്ഥിയും ഒരു കായികയിനം എങ്കിലും നിർബന്ധമായി പഠിച്ചിരിക്കണമെന്നും മന്ത്രി പറഞ്ഞു.

✪✪✪

ഐ സി സി വനിതാ ക്രിക്കറ്റ് ലോക കപ്പ് നേടി മഹത്തായ നേട്ടം കുറിച്ച ഇന്ത്യൻ വനിതാ ടീമിനും സപ്പോർട്ട് സ്റ്റാഫിനും സെലക്ഷൻ കമ്മിറ്റിക്കും ഇന്ത്യൻ ക്രിക്കറ്റ് കണ്ട്രോൾ ബോർഡ് 51 കോടി രൂപ പാരിതോഷികം പ്രഖ്യാപിച്ചു. രാജ്യത്തെ ദശലക്ഷക്കണക്കിന് ആരാധകരുടെ അഭിലാഷങ്ങൾ  നിറവേറ്റിയ ടീം ഇന്ത്യ അസാധാരണ പ്രകടനം കാഴ്ച വെച്ചതായി ബി സി സി ഐ അറിയിച്ചു.ചരിത്രപരമായ ഈ വിജയത്തിലൂടെ ടീമിന്റെ പ്രതിരോധശേഷി,കഴിവ് ഐക്യം എന്നിവ നമ്മുടെ രാജ്ജ്യത്തിന്റെ പ്രതീക്ഷകളെ ഉയർത്തിയെന്നും ബി സി സി ഐ പ്രസിഡന്റ് മിഥുൻ മൻഹാസ് പറഞ്ഞു.

✪✪✪

ഇന്ത്യൻ വനിതാ ലീഗ് ഫുട്ബോൾ രണ്ട് ഘട്ടങ്ങളിലായി നടത്തുമെന്ന് ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷൻ അറിയിച്ചു. ഡിസംബർ 20 മുതൽ അടുത്ത വർഷം ജനുവരി 06 വരെയാണ് ആദ്യഘട്ടം. രണ്ടാംഘട്ടം ഏപ്രിൽ 20ന് ആരംഭിച്ച് അടുത്ത വർഷം മെയ് 10ന് അവസാനിക്കും.

✪✪✪

ഇന്ത്യൻ ഗ്രാൻഡ് മാസ്റ്റർമാരായ SL നാരായണനും, ദീപ്തയൻ ഘോഷും പനാജിയിൽ ഫിഡെ ലോകകപ്പ് 2025-ന്റെ രണ്ടാം റൗണ്ടിലേക്ക് കടന്നു.  റാപ്പിഡ് ഗെയിമുകളിലെല്ലാം വിജയിച്ചാണ് ഇരുവരും രണ്ടാം റൗണ്ടിൽ സ്ഥാനമുറപ്പിച്ചത്. റൗണ്ട് 1 ടൈബ്രേക്കിന്റെ രണ്ടാം ഘട്ടത്തിൽ ആരോണ്യക് ഘോഷും തകർപ്പൻ പ്രകടനം കാഴ്ചവെച്ചു.

ഇന്ന് നടക്കുന്ന രണ്ടാം റൗണ്ട് പോരാട്ടത്തിൽ കാർത്തിക് GM അരവിന്ദ് ചിദംബരവുമായി മത്സരിക്കുന്നതോടെ ഇന്ത്യക്ക് മൂന്നാം റൗണ്ടിലും സ്ഥാനം ഉറപ്പിക്കാനാകും.

✪✪✪

ഏഴിമല നാവിക അക്കാദമി സംഘടിപ്പിക്കുന്ന ദേശീയ മെഗാ ക്വിസ് മത്സരമായ 'തിങ്ക് 2025 '  ഇന്നും നാളെയും നാവിക അക്കാദമിയിൽ നടത്തും. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ 16 സ്കൂളുകളിലെ കുട്ടികൾ പങ്കെടുക്കും. നാവിക സേന മേധാവി അഡ്മിറൽ ദിനേഷ് K ത്രിപാഠി മുഖ്യാതിഥിയായിരിക്കും.

✪✪✪

ഈ വർഷത്തെ സാഹിത്യ നഗര ദിനാഘോഷവും സാഹിത്യ മേഖലകളിലെ തെരഞ്ഞെടുത്ത പ്രതിഭകൾക്ക് അവാർഡ് സമർപ്പണവും രാവിലെ കോഴിക്കോട് ജൂബിലി ഹാളിൽ നടത്തും. മന്ത്രി സജി ചെറിയാൻ പരിപാടി ഉദ്ഘാടനം ചെയ്ത് അവാർഡുകൾ വിതരണം ചെയ്യും.

സാഹിത്യത്തിലെ സമഗ്ര സംഭാവനക്ക് സാറാ ജോസഫും, ബാലസാഹിത്യ കൃതിക്ക് സന്തോഷ് എച്ചിക്കാനവും അവാർഡ് ഏറ്റുവാങ്ങും. ആർ.രാജശ്രീ, ആദി, ജെ.ഗോപാലകൃഷ്ണനും എ.ജെ.തോമസ് എന്നിവരാണ് മറ്റ് അവാർഡ് ജേതാക്കൾ.

✪✪✪

*News Editor വി കെ സുരേഷ്*
*News Reader സയ്യിദ് അലി ശിഹാബ്*
*NRTs: ഫസ്ന ഫാത്തിമ*
*DEO: സി കെ സുബോധ്*